ഉണ്ടന്തൽ കമ്പനി

*വ്വൻ ൪. (നമ്പർ) ശ്രീ. എ. വി. ജോസഫ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം ഉത്തരം പറയുമോ.—

(എ) ഈ സംസ്ഥാനത്തു് ഒരു ഉണ്ടന്തൽ കമ്പനി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എങ്ങിനെ?

വ്യവസായവും എക്സൈസും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ടു്.

(ബി) ബോംബെ ജമിനാൽ ത്രെഡ്മിൽ കമ്പനിക്കാർ.

ശ്രീ. എ. വി. ജോസഫ് : അതു എവിടെയാണു് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതു്.

ശ്രീ. എൻ. കുഞ്ഞുരാമൻ : കൊറട്ടിയങ്ങാടി എന്ന സ്ഥലത്താണു്.

ധനസഹായം

*വ്വൻ ൫. (നമ്പർ) ശ്രീ. എ. വി. ജോസഫ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പെരുമ്പാവൂർ അടുത്തുള്ള റയൺസ് കമ്പനിക്കു് ഇതിനകം എത്ര ധനസഹായം നൽകിയിട്ടുണ്ടു് ;

(ബി) ആ കമ്പനിയിലെ നിയമനങ്ങൾ എല്ലാം നടത്തുന്നതാരാണു്?

വ്യവസായവും എക്സൈസും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഷെയർവില ൫൦ ലക്ഷം രൂപ. വായ്പ ൯൫ ലക്ഷംരൂപ.

(ബി) മാനേജിംഗ് ഏജൻറസു്.

ശ്രീ. എ. വി. ജോസഫ് : അവിടെ കൈത്തൂലി കൊടുത്തല്ലാതെ ഉദ്യോഗം കിട്ടാൻ നിവൃത്തിയില്ലെന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഗവൺമെണ്ടിനു് അങ്ങനെ അറിവില്ല.

ശ്രീ. എ. വി. ജോസഫ് : അതിനെപ്പറ്റി ഗവൺമെണ്ടു് ഒന്നു് അന്വേഷിക്കുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : മാനേജിംഗ് ഏജൻറസ് ആണു് നിയമനം നടത്തേണ്ടതു്. ആവശ്യമില്ലാത്ത രീതിയിൽ ഗവൺമെണ്ടു് അതിൽ ഇടപെടേണ്ട ആവശ്യമില്ല.

ശ്രീ. എ. വി. ജോസഫ് : ഗവൺമെണ്ടിൽനിന്നും പണം വാങ്ങിക്കൊണ്ടു് അതിൻറെ മാനേജിംഗ് ഏജൻറസ് പ്രദേശികർക്കാണു് ഉദ്യോഗം നൽകുന്നതെന്നറിയാമോ ?

Mr. Speaker : That is imparting information.

ശ്രീ. ആർ. ശങ്കർ : ഗവൺമെണ്ടു് ആ കമ്പനിയിൽ എത്ര ശതമാനം ഷെയർ എടുത്തിട്ടുണ്ടു്.

ശ്രീ. എൻ. കുഞ്ഞുരാമൻ : ൫൦ ശതമാനം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ഷെയർ എടുത്തപ്പോഴും ലോൺ കൊടുത്തപ്പോഴും ഒരോന്നുസംബന്ധമായി എന്തെങ്കിലും നിയന്ത്രണം ഉണ്ടായിരിക്കുമെന്നു് വ്യവസ്ഥയുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഗവമ്മെണ്ടിൽനിന്നും രണ്ടോ മൂന്നോ ഡയറക്ടേഴ്സിനെ വയ്ക്കുക പതിവുണ്ടു്.

ശ്രീ. മാന്നാർ ഗോപാലൻനായർ : മാനേജിംഗ് ഏജൻറസിന്റെ പേരെന്താണു്.

ശ്രീ. എൻ. കുഞ്ഞുരാമൻ : അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ : മാനേജിംഗ് ഏജൻസിയുടെ പേരു് അറിഞ്ഞുകൂടെന്നാണോ പറയുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഇപ്പോൾ ആ വിവരം എന്റെ കൈവശമില്ല.

ശ്രീ. കെ. എ. മാത്യു : നിയമനവിഷയത്തിൽ തിരുവിതാംകൂർകാക്കു് മുൻഗണന കൊടുക്കണമെന്നു് വ്യവസ്ഥയുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അങ്ങനെയൊരുധാരണയുണ്ടായിരുന്നു.

ശ്രീ. കെ. എ. മാത്യു : ആ ധാരണ അനുസരിച്ചു് പ്രവർത്തിക്കുന്നുണ്ടോ എന്നു് ഗവമ്മെണ്ടു് അന്വേഷിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതനുസരിച്ചു് പ്രവർത്തിക്കുന്നുണ്ടെന്നാണു് ഗവമ്മെണ്ടു് മനസിലാക്കുന്നതു്.

ശ്രീ. ഇട്ടീര അമ്പൂക്കൻ : അനേകലക്ഷം രൂപ ലോണായും വായ്പയായും കൊടുത്തിട്ടുള്ള ഒരു കമ്പനിയുടെ മാനേജിംഗ് ഏജൻറസ് ആരാണെന്നു് അറിഞ്ഞുകൂടെന്നു് പറയുന്നു. അതു് .....

Mr. Speaker: Information may be asked for and obtained. No discussion will be allowed.

Sri. Ittiera Ambookan: I am drawing the attention to these evasive answers.

Mr. Speaker: Answers cannot be the subject-matter of discussion at this stage. If answers are unsatisfactory there are provisions in the rules by which the unsatisfactory nature of the answers can be remedied and rectified. Those rules may be resorted to if necessary.

ശ്രീ. ഇട്ടീര അമ്പൂക്കൻ : ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു് എത്ര കൊല്ലത്തേയ്ക്കു് ആണു് ഈ മാനേജിംഗ് ഏജൻസി കൊടുത്തിട്ടുള്ളതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : വ്യവസ്ഥകൾ നോക്കിയാലെ അതിനു് ഉത്തരം പറയാൻ നിവൃത്തിയുള്ളു. ആ വ്യവസ്ഥകൾ ഇപ്പോൾ എന്റെ കൈവശം ഇല്ല.

ശ്രീ. ആർ. ശങ്കർ : ഷെയർ ക്യാപ്പിറൽ ഉൾപ്പടെ ഈ കമ്പനിയിൽ ഗവമ്മെണ്ടു് എത്ര മുടക്കിയിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : [illegible] ലക്ഷം രൂപ.

ശ്രീ. എ. കെ. പാച്ചുപിള്ള : ഈ കമ്പനി തുടങ്ങിയതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി അവിടെ പോയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : പോയിട്ടുണ്ടു്.

Question No. 33 was not put

LIBRARY ARCHIVES Kerala Legislative Assembly